**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1612** **08-10-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ കൃഷിശ്രീ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര അഗ്രോസർവീസ് സെന്ററുകളാണുള്ളതെന്ന് അറിയിക്കാമോ; | (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ആകെയുള്ള രണ്ടു ബ്ലോക്കുകളായ ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി എന്നീ ബ്ലോക്കുകളിൽ യഥാക്രമം തിടനാട് അഗ്രോ സർവ്വീസ് സെന്റർ, കൂട്ടിക്കൽ അഗ്രോ സർവ്വീസ് സെന്റർ എന്നിങ്ങനെ രണ്ട് അഗ്രോ സർവ്വീസ് സെന്ററുകളാണ് നിലവിലുള്ളത്. |
| (ബി) | നിയോജകമണ്ഡലത്തിൽ കൂടുതൽ കൃഷിശ്രീ കേന്ദ്രങ്ങൾ ( അഗ്രോസർവീസ് സെന്ററുകൾ ) ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ബി) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി എന്നീ ബ്ലോക്കുകളിലായി ഓരോ അഗ്രോ സർവ്വീസ് സെന്ററുകൾ വീതം നിലവിലുണ്ട്. അഗ്രോ സ്രവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി എന്ന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖ അനുസരിച്ച് ഒരു ബ്ലോക്കിന് ഒന്നിലധികം അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ